**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1842 | 21.01.2014 ൽ മറുപടിയ്ക്ക് |
|---|---|
| **മലപ്പുറം ജില്ലയിലെ അംഗൻവാടികൾ** | |

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിൽ എത്ര അംഗൻവാടികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) 3808 അംഗൻവാടികൾ |
| (ബി) ഇതിൽ സ്വന്തം കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതുമായ അംഗൻവാടികൾ എത്രയാണ് ; | (ബി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളുടെ എണ്ണം - 1455<br>സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികളുടെ എണ്ണം - 1189 |
| (സി) സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം കെട്ടുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് വിവിധ പദ്ധതികൾ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്ഥലം വാങ്ങി അംഗൻവാടി നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. |
| (ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) ഒരു നിയോജകമണ്ഡലത്തിൽ നിന്ന് ഒരു അംഗൻവാടിയെ മാതൃകാ അംഗൻവാടിയാക്കി ഉയർത്തുന്ന പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം നിർമ്മിക്കുക/കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായവ പുനർ നിർമ്മിക്കുക, സ്റ്റേറ്റ് പ്ലാൻ ഫണ്ട് മുഖാന്തിരം അംഗൻവാടി നിർമ്മാണം എന്നീ പദ്ധതികൾ മുഖാന്തിരം അംഗൻവാടി കെട്ടിട നിർമ്മാണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ